നം.കെ.എസ്.എ-കെ.ടി.എം.പി7/1789/2016 തീയതി: 03.12.2016

# കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016 മുതൽ 31.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി എം.വി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 8.11.2016 മുതൽ 16.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ., ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ലേഖ വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സുനിത എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ജിജി ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സെബാസ്റ്റ്യൻ ഗണപതിപ്ലാക്കൽ | 1.4.2015 മുതൽ 30.9.2015 വരെ |
| | ശ്രീമതി മിനി മനോജ് | 1.10.15 മുതൽ 31.3.2016വരെ |
| സെക്രട്ടറി | ശ്രീ.പി.വി.രാജീവ് | 1.4.2015 മുതൽ 26.7.2015വരെ |

| | | |
|---|---|---|
| | ശ്രീമതി ഷീബാ സ്റ്റീഫൻ | 27.7.15 മുതൽ 31.3.2015വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ഷീബ സ്റ്റീഫൻ | 1.4.15 മുതൽ 26.7.15 വരെ |
| | ശ്രീ.അനൂപ് മോഹൻ | 19.8.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ജി.ഗ്രീഷ്മ | 1.4.2015 മുതൽ 18.1.16 വരെ |
| | ശ്രീമതി മീഡിയാറാണി എസ്. | 18.01.2016 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ജൂലി എലിസബത്ത് | 1.4.2015 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.ജോസ് മാത്യൂ | 1.4.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ. | ശ്രീ.എസ്.ദിലീപ് | 1.4.2015മുതൽ 31.3.2016 വരെ |
| | ശ്രീ.ബി.ബിനീഷ് | 1.4.2015 മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.അനീഷ് കെ.ഭദ്രൻ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജെ.ജയമോൾ<br>ഡോ.സെലിൻ സൈമൺ | 1.4.2015 മുതൽ 24.6.2015 വരെ<br>25.6.2015 മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) | ഡോ.ചിന്നു.ആർ.ചന്ദ്രൻ | 1.4.2015 മുതൽ 31.3.2016 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി എ.ഷൈല<br>ശ്രീമതി എസ്.ശോഭന | 1.4.2015 മുതൽ 14.6.2015 വരെ<br>15.6.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി എ.എൻ.ഗീതാംബിക | 1.4.2015 മുതൽ 31.3.2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജിസ ജോസഫ് | 1.4.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1 പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യ പത്രിക |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |

| | |
|---|---|
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2-1 | ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് വാസഗൃഹം എന്നരീതിയിൽ വസ്തുനികുതി ഈടാക്കുന്നതിനാൽ നഷ്ടം |
| 2-2-2 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ-പരിഷ്ക്കരിച്ച നിരക്കിലെ വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 2-2-3 | ആരാധനാലയം എന്ന പേരിൽ വസ്തുനികുതി ഇളവ് നൽകി |
| 2-3 | പരസ്യനികുതി – ബൈലോ അംഗീകാരം-തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| | ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ വിനിയോഗിക്കാതെ തനതുഫണ്ടിൽ സൂക്ഷിക്കുന്നു |
| 3-2 | പ്ലംബിങ് വർക്കുകൾ ചെയ്തിട്ടില്ല-പകൽവീട്ടിൽ വാട്ടർപ്യൂരിഫയർ, ടോയ്ലറ്റ് എന്നിവ ഉപയോഗശൂന്യമായ നിലയിൽ |
| 3-3 | എസ്.സി.യുവജനങ്ങൾക്ക് കരിയർഗൈഡൻസ് ലൈബ്രറി-പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല |
| 3-4 | വനിതകൾക്ക് കിടാരിവളർത്തൽ-സബ്സിഡി അധികം നൽകി – 78,000 രൂപ അധിക ചെലവ് |
| 3-5 | പാലിയേറ്റീവ് കെയർ-വില നൽകിയ മുഴവൻ സാധനങ്ങളും ലഭിച്ചിട്ടില്ല |
| 3-6 | ബിറ്റുമിൻ-കൺവീനർക്ക് അധികം തുക നൽകി |

| | |
|---|---|
| 3-7 | ആശ്രയ – ഒന്നാംഘട്ട പ്രോജക്ട് നിശ്ചലാവസ്ഥയിൽ |
| 3-8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| | ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ്സ് ആന്റ് പെയ്മെന്റ്സ് 2015-16 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |

| | | | | |
|---|---|---|---|---|
| മുന്നിരിപ്പ് | 5,67,73,893 | 1,13,20,847 | | 4,54,53,046 |
| വരവ് | 6,42,47,790 | 3,66,99,573 | | 2,75,48,217 |
| ആകെ | 12,10,21,683 | 4,80,20,420 | | 7,30,01,263 |
| ചെലവ് | 6,52,47,290 | 3,49,66,181 | | 3,02,81,109 |
| നീക്കിയിരിപ്പ് | 5,57,74,393 | 1,30,54,239 | | 4,27,20,154 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 07.07.2016 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക കണക്കുകളുടെ പരിശോധന സംബന്ധിക്കുന്ന വിവരങ്ങൾക്ക് ഈ റിപ്പോർട്ടിന്റെ 2-1 കാണുക.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,13,20,847 |
| വരവ് | 3,66,99,573 |
| ആകെ | 4,80,20,420 |
| ചെലവ് | 3,49,66,181 |
| നീക്കിയിരിപ്പ് | 1,30,54,239 |

## 1-5 ഫണ്ട് വിനിയോഗം

(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 9,07,000 | 60,66,413 | (+) 10,83,237 | 80,56,650 | 80,56,650 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 18,02,000 | 0 | 18,02,000 | 18,02,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട്(ടി.എസ്.പി) | 0 | 45,000 | | 45,000 | 45,000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 59,84,000 | | 59,84,000 | 59,84,000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 23,20,000 | 0 | 23,20,000 | 23,20,000 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | (-)16,000 | 38,61,668 | (-) 10,83,237 | 27,62,431 | 27,62,431 | 0 |
| ലോക ബാങ്ക് സഹായം | 0 | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 3,17,71,610 | 129 | 2,41,68,853 | ഇല്ല | 17 | 88 |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/15/DPC/DPO/KTM തീയതി 11.6.2015 പ്രകാരം അന്തിമ അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

2015-16 വാർഷിക പദ്ധതിയുടെ രൂപീകരണഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 2.12.14 |
| വികസനസെമിനാർ | 21.2.15 |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള ഗ്രാമസഭകൾ | 24.5.15 മുതൽ 31.5.15 വരെ, 7.6.15 |
| ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം | 4.6.15 ലെ 2-ാം നമ്പർ തീരുമാനം |
| പർച്ചേസ് കമ്മിറ്റി യോഗങ്ങൾ | 21.5.15,13.8.15, 15.9.15 |
| വികലാംഗ ഗ്രാമസഭ | 23.5.15 |

ഗ്രാമസഭ

2015-16 വർഷം രണ്ട് തവണ വിവിധ വാർഡുകളിൽ ഗ്രാമസഭ യോഗം ചേർന്നിട്ടുണ്ട്. വിവിധ ഓഡിറ്റ് ഏജൻസികളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിലവതരിപ്പിക്കുകയോ ചർച്ചചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ല.

പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതുപോലെ, ഗ്രാമസഭയുടെ കോറം തികയുന്നതിനുള്ള പങ്കാളിത്തം ഉറപ്പു വരുത്തി എന്നു തെളിയിക്കുന്നതിന് മിനിട്ട്സ് ബുക്കിൽ യോഗങ്ങളുടെ ഫോട്ടോഗ്രാഫുകൾ ഉൾപ്പെടുത്തുകയും യോഗങ്ങളുടെ മിനിട്ട്സ് പങ്കെടുത്ത 10 പേർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. ഗ്രാമസഭ കൺവീനറും കോ-ഓർഡിനേറ്ററും മാത്രമാണ് ഗ്രാമസഭ യോഗ മിനിറ്റ്സ് ബുക്കുകളിൽ ഒപ്പ് വച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

<u>വാർഷിക പദ്ധതി</u>

നേട്ടങ്ങൾ

1.തൻ വർഷം വിവിധ പ്രോജക്ടുകൾക്കായി ആകെ വകയിരുത്തിയിരുന്ന 31771610 രൂപയിൽ 24168853 രൂപ ചെലവഴിച്ചു.(76 %)

2. വികസന ഫണ്ട് (ജനറൽ, എസ്.സി.പി., ടി.എസ്.പി), മെയിന്റനൻസ് ഫണ്ട് (റോഡ്, നോൺ റോഡ്) വിഭാഗങ്ങളിൽ 100% തുകയും ചെലവഴിച്ചു.

3.ഉല്പാദന മേഖലയിൽ മുട്ടക്കോഴി വിതരണം, സമഗ്ര നെൽകൃഷി വികസനം, ടിഷ്യുകൾച്ചർ വാഴതൈ വിതരണം, കാലിത്തീറ്റ ഇൻസെന്റീവ്, പുരയിടകൃഷിയ്ക്ക് ജൈവവളം, വനിതകൽക്ക് കിടാരി വളർത്തൽ എന്നീ പ്രോജക്ടുകൾ നടപ്പിലാക്കി.

4.ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി നിർഭയ കുമാരി സുരക്ഷാ പ്രോജക്റ്റ് നടപ്പിലാക്കി.

5.പശ്ചാത്തല മേഖലയിൽ വിവിധ റോഡുകളുടെ ടാറിംഗ്, കോൺക്രീറ്റിംഗ്, മെയിന്റനൻസ് പ്രവൃത്തികൾ അങ്കണവാടികളുടെ മെയിന്റനൻസ് എന്നിവ നടപ്പിലാക്കി.

6. വൃദ്ധർക്ക് പോഷക മരുന്ന് വിതരണം നടത്തി.

കോട്ടങ്ങൾ

1.കടപ്പാട്ടൂർ -ഇടത്താവളം കുളിക്കടവ് നവീകരണ വേലകൾ രണ്ടാംഘട്ട പ്രോജക്ടിനായി തൻവർഷവും 9,76,045 രൂപ വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷവും നടപ്പാക്കിയില്ല.

2.വെറ്ററിനറിസർജൻ നടപ്പിലാക്കിയ വനിതകൾക്ക് കിടാരി വളർത്തൽ എന്ന പ്രോജക്ടിൽ (പ്രോജക്റ്റ് നം.25/15-16) മാർഗ്ഗരേഖയിൽ അധികരിച്ച് സബ്സിഡി നൽകിയിട്ടുണ്ട്.

3.ഗ്രാമപഞ്ചായത്തിലെ ആശ്രയ ഒന്നാംഘട്ട പ്രവർത്തനങ്ങൾ നിശ്ചലാവസ്ഥയിൽ.

## 1-7 <u>തനത് വരുമാനം</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7.5% ശതമാനം വർദ്ധനവ് ഉണ്ടായി.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 41,93,103 | 44,74,211 | 2,81,108 | |
| നികുതിയേതര വരവുകൾ | 5,58,136 | 6,99,384 | 1,41,248 | |
| മറ്റുവരവുകൾ | 5,66,555 | 5,45,236 | 21,319 | |
| ആകെ | 53,17,794 | 57,18,831 | (+) 4,01,037 | 7.5% |

## 1-8 <u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 62520 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 1529520 | 167 |
| വിധവാപെൻഷൻ | 3565240 | 330 |
| വാർദ്ധക്യകാലപെൻഷൻ | 5341770 | 601 |
| വികലാംഗപെൻഷൻ | 1407535 | 122 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 237840 | 22 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19165/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മികച്ച രീതിയിൽ പ്രവർത്തിയ്ക്കുന്നു. ഓഫീസ് ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരും കൃത്യനിർവ്വഹണം നടത്തുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളും ജനറൽ കമ്മറ്റിയും യഥാസമയം യോഗം ചേർന്ന് പഞ്ചായത്തിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും അനുയോജ്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച നിർവ്വഹണോദ്യോഗസ്ഥരുടെ യോഗവും ചേരുന്നുണ്ട്. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തുകളുടെ ഗുണമേന്മാ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ISO Certification ലഭിച്ച ഗ്രാമപഞ്ചായത്തിലെ ഫയൽ ട്രാക്കിങ്ങ് സംവിധാനത്തിന്റെ പ്രവർത്തനം വളരെ മികച്ച രീതിയിലാണ് എന്നതും പ്രശംസനീയമാണ്. 2015-16 വർഷം ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരമായി 10 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22,23.7.16 | 6/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.1.2016 | 01.04.2010-31.03.2015 | LBA(HQ)II/8A-2381/182 dt 09.03.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) B4 ഷെഡ്യൂളിൽ സമ്പൂർണ്ണ ശുചിത്വത്തിനായി ലഭിച്ച തുകയിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക 1,11,000/- രൂപയാണ്. എന്നാൽ യഥാർത്ഥതുക 24,000 രൂപയാണ്.

2) സാംഖ്യാ പ്രകാരമുള്ള എ.സി.ആറിൽ വികസനഫണ്ട് പൊതുവിഭാഗത്തിൽ ലഭിച്ച മുഴുവൻ അലോട്ട്മെന്റും ചേർത്തിട്ടില്ല. തൻമൂലം എസിആറിലെ ബാലൻസ് തുക നെഗറ്റീവ് ആണ്.

3) ജി.ഒ.(എം.എസ്.)152/11/തസ്വഭവ 26.7.11 പ്രകാരം ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 2-2-1 ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് വാസഗൃഹം എന്ന രീതിയിൽ വസ്തുനികുതി ഈടാക്കുന്നതിനാൽ നഷ്ടം

സഞ്ചയ റവന്യൂമൊഡ്യൂൾ-പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ, ഹോസ്റ്റൽ എന്ന രീതിയിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് വാസഗൃഹത്തിന്റെ നിരക്കിൽ നികുതി ഈടാക്കി വരുന്നതായി കാണുന്നു. വാസഗൃഹം എന്ന രീതിയിൽ നികുതി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങൾ യഥാർത്ഥത്തിൽ ഹോസ്റ്റലുകളായാണ് പ്രവർത്തിക്കുന്നത്. സ.ഉ.(പി) നം.19/11 ത.സ്വ.ഭ.വ. തീ.14.1.11 നമ്പറിലുള്ള വസ്തു നികുതി പരിഷ്കരണ ഉത്തരവിന് പുറപ്പെടുവിച്ച ഭേദഗതി ഉത്തരവ് സ.ഉ.(പി) നം.100/15 ത.സ്വ.ഭ.വ. തീ.24.2.15 പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്നിവയ്ക്ക് പഞ്ചായത്ത് നിശ്ചയിച്ച നികുതി നിരക്ക് ഒരു ച.മീറ്ററിന് 30 രൂപയാണ്. എന്നാൽ വാസഗൃഹത്തിന് നിശ്ചയിച്ച നികുതി നിരക്ക് ഒരു ച.മീറ്ററിന് 5 രൂപയാണ്. ഇപ്രകാരം ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് വാസഗൃഹം എന്ന രീതിയിൽ നികുതി ഈടാക്കുന്നതു മൂലം നഷ്ടം വന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരം | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം(ച.മീ) | നിലവിലെ നികുതി |
|---|---|---|---|---|
| 1 | 5/241 | റ്റി.എം.കുര്യാക്കോസ് തെങ്ങണാചാലിൽ | 390 | 6683 |
| 2 | 5/252 | ബാബു എബ്രഹാം &ടെസി എബ്രഹാം, വൈപ്പനയിൽ | 350 | 2734 |
| 3 | 5/253 | ബാബു എബ്രഹാം &ടെസി എബ്രഹാം, വൈപ്പനയിൽ | 350 | 4557 |
| 4 | 5/254 | ബാബു എബ്രഹാം & ടെസി എബ്രഹാം, വൈപ്പനയിൽ | 350 | 3342 |
| 5 | 5/296 | മാത്യു ഫിലിപ്പോസ്& മേരിക്കുട്ടി മാത്യു, കുറുമുണ്ടയിൽ | 100 | 628 |
| 6 | 5/297 | മാത്യു ഫിലിപ്പോസ്& മേരിക്കുട്ടി മാത്യു, കുറുമുണ്ടയിൽ | 100 | 628 |
| 7 | 5/298 | മാത്യു ഫിലിപ്പോസ്& മേരിക്കുട്ടി മാത്യു, കുറുമുണ്ടയിൽ | 100 | 627 |
| 8 | 5/299 | മാത്യു ഫിലിപ്പോസ്& മേരിക്കുട്ടി | 100 | 628 |

| | | | | |
|---|---|---|---|---|
| | | മാത്യൂ, കുറുമുണ്ടയിൽ | | |
| 9 | 5/300 | മാത്യൂ ഫിലിപ്പോസ്& മേരിക്കുട്ടി മാത്യൂ, കുറുമുണ്ടയിൽ | 100 | 405 |
| 10 | 5/301 | മാത്യൂ ഫിലിപ്പോസ്& മേരിക്കുട്ടി മാത്യൂ, കുറുമുണ്ടയിൽ | 100 | 405 |
| 11 | 5/302 | മാത്യൂ ഫിലിപ്പോസ്& മേരിക്കുട്ടി മാത്യൂ, കുറുമുണ്ടയിൽ | 100 | 1013 |

പഞ്ചായത്തിൽ ഇത്തരത്തിലുള്ള നിരവധി കെട്ടിടങ്ങൾ നിലവിലുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനർ നിർണ്ണയം നടത്തി പഞ്ചായത്തിനുണ്ടാകുന്ന വരുമാന ചോർച്ച ഒഴിവാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

കൂടാതെ പ്രമുഖ എൻട്രൻസ് കോച്ചിംഗ് സെന്ററായ ബ്രില്ല്യന്റ് സ്റ്റഡി സെന്റർ, പാലാ എന്ന സ്ഥാപനം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്നതിനാൽ നിരവധി ഹോം സ്റ്റേകൾ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് ബാധകമായ വസ്തുനികുതി നിരക്ക് ച.മീ.ന് 30 രൂപയായി പഞ്ചായത്ത് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ടി കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള വസ്തുനികുതി നിരക്കിൽ(5രൂപ/ ച.മീ) മാത്രമാണ് പഞ്ചായത്ത് വസ്തു നികുതി ചുമത്തിയിരിക്കുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹോം സ്റ്റേ കൾ ഏതൊക്കെയാണെന്ന് അന്വേഷണം നടത്തേണ്ടതും അവയുടെ നികുതി ഹോം സ്റ്റേകളുടെ നിരക്കിൽ (30 രൂപ/ച.മീ) പുനർ നിർണ്ണയം നടത്തേണ്ടതുമാണ്.

## 2-2-2 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ - പരിഷ്കരിച്ച നിരക്കിലെ വസ്തുനികുതി ഈടാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.10.11 ലെ സ.ഉ.(അ) നം. 19/2011ത.സ്വ.ഭ.വ വിജ്ഞാപനപ്രകാരം ഗ്രാമ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി 1.4.11 മുതൽ പുതുക്കി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം ഇറക്കി. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തിന്റെ ൽ ചേർന്ന ജനറൽ കമ്മറ്റിയുടെ 1ാം നം തീരുമാനപ്രകാരം മൊബൈൽ ടവറുകളുടെ വസ്തു നികുതി ച.മീറ്ററിന് 500 രൂപയായി നിശ്ചയിച്ചു. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ആകെ 7 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി സഞ്ചയ റവന്യൂമൊഡ്യൂൾ വസ്തു നികുതി പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചപ്പോൾ മൊബൈൽ ടവറുകളുടെ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഈടാക്കിയതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ ഉള്ള എല്ലാ മൊബൈൽ ടവറുകളുടെയും പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-2-3 ആരാധനാലയം എന്ന പേരിൽ വസ്തു നികുതി ഇളവ് നല്കി

മദർ സുപ്പീരിയരിന്റെ പേരിലുള്ള (ആരാധനാ മഠം കോൺവെന്റ്, നെല്ലിയാനി, വള്ളിച്ചിറ ) 6/102 നം.കെട്ടിടത്തെ (428 ച.മീ.) ആരാധനാലയം എന്ന പേരിൽ നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ടി കെട്ടിടം ആരാധനാലയമാണോ എന്ന് അന്വേഷണം നടത്തേണ്ടതും ആരാധനാലയം അല്ലാത്ത പക്ഷം നികുതി ചുമത്തേണ്ടതുമാണ്. കൂടാതെ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള എല്ലാ കെട്ടിടങ്ങളും വസ്തു നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും ഇല്ലാത്തപക്ഷം അവയുടെ നികുതി നിർണ്ണയം നടത്തി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 പരസ്യ നികുതി -ബൈലോഅംഗീകാരം-തുടർനടപടി സ്വീകരിച്ചിട്ടില്ല

21.5.15 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 5-ാം നമ്പർ തീരുമാനപ്രകാരം പരസ്യനികുതി ബൈലോ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് സർക്കാരിൽ നിന്നുള്ള അംഗീകാരത്തിനായി അയച്ചിരുന്നുവെങ്കിലും നാളിതുവരെ ആയതിന് അംഗീകാരം ലഭിച്ചിട്ടില്ല. സ്റ്റേറ്റ് ഹൈവേയുടെ ഇരുവശങ്ങളിലുമായി നിരവധി പരസ്യബോർഡുകൾ സ്ഥാപിച്ചുണ്ടെങ്കിലും ആയവയിൽ നിന്നും പരസ്യനികുതി ഈടാക്കാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. ആയതിനാൽ ബൈലോയ്ക്ക് അടിയന്തിരമായി അംഗീകാരം വാങ്ങി പരസ്യനികുതി വഴി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

വിവിധ ആവശ്യങ്ങൾക്കായി സർക്കാരിൽ നിന്നും മറ്റ് ത.സ്വ.ഭ.സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽസൂക്ഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഖരമാലിന്യനിർമ്മാർജ്ജനം-15,000/-
2. ശുചിത്വമിഷൻ-ബയോഗ്യാസ് പ്ലാന്റ്-48,075/-
3. സമ്പൂർണ്ണശുചിത്വം-24,000/-
4. വൈക്കോൽപാടം കുടിവെള്ളപദ്ധതി-ജില്ലാപഞ്ചായത്ത് വിഹിതം1,74,391/-
5. ശുചിത്വസുന്ദരമൂത്തോലി-ബ്ലോക്ക് പഞ്ചായത്ത് വിഹിതം-1,48,125/-
6. കടപ്പാട്ടൂർ -ഇടത്താവളം കുളിക്കടവ്-6,09,960/-(ഇതിൽ 5,33,910/- രൂപ പഞ്ചാബ് നാഷണൽ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു.)

മേൽ പറഞ്ഞ തുകകൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി നടപ്പാക്കേണ്ടതും വിനിയോഗിക്കാൻ സാധിക്കാത്ത പക്ഷം ടി തുകകൾ അതാത് സ്ഥാപനങ്ങൾക്ക്/വകുപ്പിന് നൽകേണ്ടതുമാണ്.

### 3-2 പ്ലംബിംഗ് വർക്കുകൾ ചെയ്തിട്ടില്ല- പകൽവീട്ടിൽ വാട്ടർപ്യൂരിഫയർ, ടോയ് ലറ്റ് എന്നിവ ഉപയോഗശൂന്യമായ നിലയിൽ

വൗച്ചർ നം.21500272 തീ.21.7.15, ചെക്ക് നം.97526 തീ.21.7.15 തുക 3,251 രൂപ

പ്രകാരം ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള പകൽ വീട്ടിൽ വാട്ടർപ്യൂരിഫയർ ഫിറ്റ് ചെയ്തതിനും, വയറിംഗ് പ്ലംബിംഗ് വർക്കുകൾ ചെയ്തതിനുമുള്ള പണിക്കൂലിയിനത്തിൽ ശ്രീ.സജീവ് കെ.ആർ., കുരീക്കാട്ടു വയലിന് 3.251 രൂപ നൽകിയിട്ടുണ്ട്. വാട്ടർ പ്യൂരിഫയർ ഫിറ്റ് ചെയ്തതല്ലാതെ പ്ലംബിംഗ് വർക്കുകൾ ചെയ്ത് നാളിതുവരെ വാട്ടർകണക്ഷൻ ലഭ്യമാക്കിയിട്ടില്ല എന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ (15.11.16) വ്യക്തമായി. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7) മറുപടിയായി വാട്ടർ പ്യൂരിഫയർ ഉപയോഗരഹിതമായിരിക്കുന്നത് പരിശോധിക്കുന്നതാണെന്നും ആയത് അടിയന്തിരമായി പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. നിർമ്മാണം പൂർത്തിയായ ടോയ്‌ലറ്റ് പാകിയിരുന്നെങ്കിലും വാട്ടർ കണക്ഷൻ ലഭ്യമാകാത്തതിനാൽ ഉപയോഗശൂന്യമായി കാണുന്നു. അടിയന്തിരമായി പകൽ വീട്ടിലേയ്ക്ക് വാട്ടർ കണക്ഷൻ നൽകി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-3 എസ്.സി.യുവജനങ്ങൾക്ക് കരിയർ ഗൈഡൻസ് ലൈബ്രറി- പ്രോജക്ട് ലക്ഷ്യം

<u>കൈവരിച്ചിട്ടില്ല</u>
പ്രോജക്റ്റ് നം.-186/16

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി
ബിൽ നം.8/19.3.16

| | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 60,000 | 60,000 |
| തനത് ഫണ്ട് | 5,000 | 5,000 |
| ആകെ | 65,000 | 65,000 |

എസ്.സി.വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് കരിയർ ഗൈഡൻസിന് സഹായകമാകുന്ന രീതിയിൽ റഫറൻസ് ഗ്രന്ഥങ്ങൾ ലഭ്യമാക്കുക, കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തുക എന്നീ ലക്ഷ്യം മുൻ നിർത്തി റഫറൻസ് ഗ്രന്ഥങ്ങളും ഫർണിച്ചറുകളും ലാപ് ടോപ്പും പഞ്ചായത്തിന്റെ ആസാദ് ലൈബ്രറിയ്ക്ക് വാങ്ങി നല്കിയിട്ടുണ്ട്. ഏസർ കമ്പനിയുടെ ഒരു ലാപ് ടോപ്പ് വാങ്ങുന്നതിനായി ഗ്ലോബൽ കമ്പ്യൂട്ടേഴ്സ്, പാലാ എന്ന സ്ഥാപനത്തിന് 33,000 രൂപ നല്കിയിട്ടുമുണ്ട്. (ഡി.ഡി.നം.138282/22.3.16).ടി കമ്പ്യൂട്ടർ എസ്.സി.യുവജനങ്ങൾക്ക് കരിയർ ഗൈഡൻസിന് എപ്രകാരമാണ് പ്രയോജനപ്പെടുന്നത് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ എൻക്വയറിയ്ക്ക് നെറ്റ് വർക്ക് കൂടി ഉൾപ്പെടുത്തുന്നതിന് പദ്ധതി രൂപീകരണ വേളയിൽ മതിയായ ഫണ്ട് ലഭ്യമായിരുന്നില്ല എന്ന് മറുപടി നല്കി. 2016-17 വർഷം ലൈബ്രറി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായുള്ള ഇ-ലൈബ്രറി എന്ന പദ്ധതിയ്ക്ക് ഡി.പി.സി.അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചു വരുകയാണെന്നും ആയത് പൂർത്തിയാകുമ്പോൾ കരിയർ ഗൈഡൻസിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം ലഭിക്കുന്നതാണെന്നും അറിയിച്ചു. ടി നടപടികൾ പൂർത്തീകരിച്ച് എസ്.സി.യുവജനങ്ങൾക്ക് കരിയർ ഗൈഡൻസ് എന്ന ലക്ഷ്യം കൈവരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 <u>വനിതകൾക്ക് കിടാരി വളർത്തൽ -സബ്സിഡി അധികം നല്കി - 78,000 രൂപ അധികചെലവ്</u>

പ്രോജക്റ്റ് നം.-25/16

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

| | അടങ്കൽ | ചെലവ് | | |
|---|---|---|---|---|
| വികസന ഫണ്ട് -(ജനറൽ) | 1,95,000 | 1,95,000 | ബിൽ നം. | തുക |
| | | | 2/29.1.16 | 1,05,000 |
| | | | 3/15.3.16 | 45,000 |
| | | | 6/31.3.16 | 45,000 |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 1,95,000 | 1,95,000 | | |
| ആകെ | 3,90,000 | 3,90,000 | | |

വനിതകൾക്ക് കിടാരി വളർത്തൽ എന്ന പ്രോജക്റ്റിൽ 13 ഗർഭിണികിടാരികളെ വാങ്ങി വിതരണം ചെയ്യുകയും ഒരു കിടാരിയ്ക്ക് 15,000 രൂപ വീതം സബ്സിഡി നല്കുകയും ചെയ്തിട്ടുണ്ട്. 12-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.എം.എസ്

362/13 ത.സ്വ.ഭ.വ/തീ.16.11.13 ഖണ്ഡിക 2.2.3 പ്രകാരം ഗർഭിണി കിടാരിക്കു നല്കാവുന്ന സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 50%, പരമാവധി 9000 രൂപയാണ്. എന്നാൽ ഇത് ബാധകമാക്കാതെ ഒരു കിടാരിക്ക് 15,000 രൂപ വീതം 13 കിടാരികൾക്ക് 1,95,000 രൂപ സബ്സിഡി നല്കിയിട്ടുണ്ട്. 13 കിടാരികൾക്ക് 9,000 രൂപ വീതം നല്കാവുന്ന പരമാവധി സബ്സിഡി 1,17,000 രൂപ മാത്രമാണ്. ഒരു കിടാരിയ്ക്ക് 6000 രൂപ വീതം 13 കിടാരികൾക്ക് സബ്സിഡിയിനത്തിൽ ഇപ്രകാരം 78000 (13 * 6000) രൂപ അധികം നല്കിയിട്ടുണ്ട്. അധികം നല്കിയ തുക നിരാകരിക്കാതിരാക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാനാവശ്യപ്പെട്ടു വെറ്റിനറി സർജന് ഓഡിറ്റ് എൻക്വയറി (നം.1/തീ.11.11.16) നല്കി. ഓഡിറ്റ് എൻക്വയറിയ്ക്ക് വെററിനറി സർജൻ നല്കിയ മറുപടിയിൽ (നം.137/16/തീ.14.11.16) സബ്സിഡി അധികമായി നൽകിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല. അധികമായി നല്കിയ സബ്സിഡി 78,000 രൂപ നിരാകരിക്കുന്നു. ടി തുക വെററിനറി സർജനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 പാലിയേറ്റീവ് കെയർ - വില നല്കിയ മുഴുവൻ സാധനങ്ങളും ലഭിച്ചിട്ടില്ല

പ്രോജക്ട് നം.-11/16

നിർവ്വഹണ ഉദ്യോഗസ്ഥൻ -എം.ഒ., പി.എച്ച്.സി.

| | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3,75,000 | 3,75,000 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 50,000 | 50,000 |
| ആകെ | 4,25,000 | 4,25,000 |

പാലിയേറ്റീവ് കെയർ എന്ന പ്രോജക്ടിൽ (2 വീൽചെയറുകൾ, 1667 അണ്ടർ പാഡുകൾ) എന്നിവ വാങ്ങുന്നതിനായി ബിൽ നം 11/22.7.16 പ്രകാരം 49988 രൂപ കാരുണ്യ കമ്മ്യൂണിറ്റ് ഫാർമസി, തിരുവനന്തപുരത്തിന് (പ്രൊഫോർമാ ഇൻവോയ്സ് നം. PRP 1557/26.12.15) നല്കിയിട്ടുണ്ട്. (ഡി.ഡി.നം.75899/28.1.16). എന്നാൽ 38,078 രൂപയ്ക്കുള്ള സാധനങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. സപ്ലൈ ഓഡർ നൽകിയ 1667 അണ്ടർ പാഡിൽ 1087 എണ്ണം മാത്രമാണ് നാളിതുവരെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ലഭ്യമാക്കിയത്. 11910 രൂപയ്ക്കുള്ള സാധനങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. സാധനങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ 11910 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 11910 രൂപയുടെ സാധനങ്ങൾ ലഭ്യമാക്കുകയോ, തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-6 ബിറ്റുമിൻ- കൺവീനർക്ക് അധികം തുക നൽകി

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന ടാറിങ്ങ്/റീടാറിങ്ങ് പ്രവൃത്തികൾക്ക് കൺവീനർ ഹാജരാക്കുന്ന ബിൽ പ്രകാരമുള്ള തുകകളേക്കാൾ അധികം തുക നൽകുന്നതായി കാണുന്നു.
കൺവീനർ ഹാജരാക്കുന്ന സിഡ്കോ ഉൾപ്പടെയുള്ള ഏജൻസികളിൽ നിന്നും വാങ്ങുന്ന ബിറ്റുമിന് ബിൽ പ്രകാരം 10 ബാരൽ (161.8Kg/barrel)ബിറ്റുമിന് നികുതികൾ ഉൾപ്പടെ 50,638/-നൽകിയതായി കാണുന്നു. 10 ബാരൽ ബിറ്റുമിൻ = 161.8Kgx10 = 1618Kg ബിറ്റുമിന് 50,638/-രൂപ നിരക്കിൽ 1Kg ബിറ്റുമിന്റെ വില (ബാരൽ വില ഉൾപ്പടെ) =31.30 രൂപയാണ്. എന്നാൽ DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതും ബിൽ തുക നൽകിയതും ബിറ്റുമിന് വില കി.ഗ്രാമിന് 41/- രൂപ(41000/tonne) നിരക്കിലാണ്. ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരം പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് ഗുണഭോക്തൃസമിതിയ്ക്ക് നൽകേണ്ടതാണ്. ഈ സാഹചര്യത്തിൽ അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബിറ്റുമിൻ വില (ടൺ) | 41000 |
| കൺവേയൻസ് | 106.49 |

| | |
|---|---|
| ആകെ | 4106.49 |
| വാട്ടർ ചാർജ്ജ് 1% | 411.06 |
| ആകെ | 41517.55 |
| കോസ്റ്റ് ഇൻഡൽ 1.4095 | 58518.98 |
| | 58.51/Kg |
| കൺവീനറുടെ ചെലവ് | |
| 161.8 കി.ഗ്രാം ഉള്ള 10 ബാരലിന് വില | 50638 |
| കൺവേയൻസ് | 2500 |
| ആകെ | 53138 |
| വാട്ടർ ചാർജ്ജ് 1% | 531 |
| ആകെ | 53669 |
| ഒരു കിഗ്രാം ബിറ്റുമിന്റെ വില 33.16/കി.ഗ്രാം | |
| അധികം നൽകിയത് 58.51-33.16=25.35/kg | |

ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ഗുണഭോക്തൃസമിതിയ്ക്ക് അധികം തുക നൽകാനിടയായിട്ടുണ്ട്.

1. പ്രോജക്ട് നം 59/16 ഇരുത്തിക്കുഴി-ചരണാനിക്കൽ റോഡ് റീടാറിങ്ങ്
2. പ്രോജക്ട് നം 60/16 നെയ്യൂർ-ഒരപ്പാങ്കൽ റോഡ് റീടാറിങ്ങ്
3. പ്രോജക്ട് നം 77/16 പന്തത്തല പിഎച്ച്സി-ചെട്ടിപ്പറമ്പ് റോഡ് ടാറിങ്ങ്
4. പ്രോജക്ട് നം 78/16 പിഎച്ച്സി-മക്കുതറ റോഡ് റീടാറിങ്ങ്
5. പ്രോജക്ട് നം 79/16 മുത്തോലിപ്പള്ളി-പന്തത്തല റോഡ് റീടാറിങ്ങ്
6. പ്രോജക്ട് നം 80/16 കൊമ്പനാൽ ജംഗ്ഷൻ-പന്തത്തല റോഡ് റീടാറിങ്ങ്
7. പ്രോജക്ട് നം 82/16 കുന്നത്താഴത്തുപടി-മാമ്പുഴക്കൽപടി റോഡ് റീടാറിങ്ങ്
8. പ്രോജക്ട് നം 83/16 വെള്ളിയേപ്പള്ളി-നീറിയാനിക്കൽ റോഡ് റീടാറിങ്ങ്
9. പ്രോജക്ട് നം 87/16 കണ്ടത്തിൽ പീടിക-കറ്റില്ലം റോഡ് റീടാറിങ്ങ്
10. പ്രോജക്ട് നം 88/16 പാറേക്കാട്ട്-മീനച്ചിൽ റോഡ് റീടാറിങ്ങ്
11. പ്രോജക്ട് നം 99/16 കട്ടിയാനി മഠത്തിൽ റോഡ് റീടാറിങ്ങ്
12. പ്രോജക്ട് നം 101/16 കുളത്തുങ്കൽ-കരുവാക്കുളത്തിൽ റോഡ് റീടാറിങ്ങ്
13. പ്രോജക്ട് നം 102/16 ഇല്ലിമുക്ക് പാട്ടുപുരയ്ക്കൽ റോഡ് റീടാറിങ്ങ്
14. പ്രോജക്ട് നം 103/16 എട്ടങ്ങാടി-ചെറുകര റോഡ് റീടാറിങ്ങ്
15. പ്രോജക്ട് നം 104/16 കൊല്ലക്കുളം -പാട്ടുപുരയ്ക്കൽ റോഡ് ടാറിങ്ങ്
16. പ്രോജക്ട് നം 106/16 പടിഞ്ഞാറ്റിൻകര-കിഴക്കേമാറിടം റോഡ് റീടാറിങ്ങ്
17. പ്രോജക്ട് നം 118/16 പുലിയന്നൂർ ക്ഷേത്രം ആസാദ് വായനശാല റോഡ് ടാറിങ്ങ്
18. പ്രോജക്ട് നം 124/16 സാൻ ഡാമിയാനോ ശ്രീഭവൻ റോഡ് ടാറിങ്ങ്
19. പ്രോജക്ട് നം 134/16 മീനച്ചിൽ പള്ളി ഇടിവെട്ടിപ്പാറ റോഡ് റീ ടാറിങ്ങ്
20. പ്രോജക്ട് നം 161/16 രാജീവ് ഗാന്ധി അള്ളുങ്കൽ കുന്ന് റോഡ് റീ ടാറിങ്ങ്
21. പ്രോജക്ട് നം 171/16 ചെറുപുഷ്പം ചെമ്മാലിക്കൽറോഡ് റീടാറിങ്ങ്

ബിറ്റുമിൻ വിലയിനത്തിൽ ബാരലിന്റെ വിലയിനത്തിലും അധികം തുക നൽകിയത് മൂലം ഗ്രാമപഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധികച്ചെലവ് ഉണ്ടാകാതിരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്ന് നടപടി സ്വീകരിച്ചിട്ടില്ല. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 ആശ്രയ -ഒന്നാം ഘട്ട പ്രോജക്ട് നിശ്ചലാവസ്ഥയിൽ

അശരണരും അഗതികളുമായ 24 പേർക്ക് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 2004ൽ ആരംഭിച്ച പ്രോജക്ട് നിലവിൽ നിശ്ചലാവസ്ഥയിലാണ്. പ്രസ്തുത പ്രോജക്ടിനായി ആരംഭിച്ച അക്കൗണ്ടിൽ 31.3.16 ൽ 4,27,105 രൂപ ബാലൻസ് ഉണ്ട്. ടി ഗുണഭോക്താക്കൾക്ക് 10/2011 വരെ മാത്രമേ സേവനങ്ങൾ നല്കിയിട്ടുള്ളൂ. അതിനു ശേഷം യാതൊരു സേവനങ്ങളും നല്കിയിട്ടില്ല. തുടർ പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭിച്ചിട്ടില്ല എന്ന കാരണത്താലാണ് സേവനങ്ങൾ ഗുണഭോക്താക്കൾക്ക് നല്കാത്തത്. 4,27,105 രൂപ അക്കൗണ്ടിൽ ബാലൻസ് നിൽക്കെ നിർദ്ധനരും അഗതികളുമായവർക്ക് ഭക്ഷണവും മരുന്നും തുടർപ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭിക്കുന്നതുവരെ നല്കാതിരിക്കുന്ന നടപടി തികച്ചും ശോചനീയമാണ്. ആയതിനാൽ ഗുണഭോക്താക്കളുടെ അതിജീവന ആവശ്യങ്ങളായ ഭക്ഷണം മരുന്ന് എന്നിവ മുടക്കം കൂടാതെ ലഭ്യമാക്കാൻ അക്കൗണ്ടിൽ ബാലൻസ് നില്ക്കുന്ന ഫണ്ട് അടിയന്തിരമായി വിനിയോഗിക്കേണ്ടതാണ്. തുടർ പ്രോജക്ടിനുള്ള സർവ്വേ അടിയന്തിരമായി നടത്തി അംഗീകാരം വാങ്ങി ടി ഗുണഭോക്താക്കളുടെ ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

2015-16 സാമ്പത്തിക വർഷം 1439 അപേക്ഷകർക്ക് തൊഴിൽകാർഡ് നൽകിയിട്ടുണ്ട്. 425 കുടുംബങ്ങൾ തൻവർഷം പദ്ധതിയുമായി സഹകരിച്ചു. 499 കുടുംബങ്ങൾ തൻവർഷം തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 109 അയൽക്കൂട്ടങ്ങൾ തൊഴിലുറപ്പുപദ്ധതിയുമായി സഹകരിക്കുന്നുണ്ട്. സാമ്പത്തിക വർഷം ലേബർബഡ്ജറ്റ് പ്രകാരം 76 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 69 പദ്ധതികൾ പൂർത്തിയാക്കി. തൻവർഷം സൃഷ്ടിക്കപ്പെട്ട ആകെ തൊഴിൽ ദിനങ്ങൾ 19915. പ്രകൃതി വിഭവസംരക്ഷണത്തിന് മുൻഗണന നൽകികൊണ്ട് കയ്യാല നിർമ്മാണം, മഴക്കുഴി നിർമ്മാണം, പാടശേഖരങ്ങളിലെ ലീഡിംഗ് ചാനലുകളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയുടെ തൻവർഷത്തെ വരവ്/ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 3,404,670 |
| പലിശ | 394 |
| ആകെ | 34,05,064 |
| ചെലവ് | 34,04,743 |
| നീക്കിയിരുപ്പ് | 321 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ

കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പന്തത്തല കുന്നപ്പള്ളിക്കളം റോഡിൽ ഇലക്ട്രിക് ലൈൻ ഷിഫ്റ്റിംഗ് വാർഡ് 9 | 074136 തീ.23.12,15 | 45,000 | 45,000 | ഇല്ല |
| കെ.എസ്.ഇ.ബി. | 5-ാം വാർഡിൽ ഇലക്ട്രിക്ക് ലൈൻ ഷിഫിറ്റിംഗ്- സ്ട്രീറ്റ്ലൈൻ നീട്ടൽ | 137854 തീ.17.03.16 | 1,03,000 | 1,03,000 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.എം.എസ്.725/2010 എൽ.എസ്.ജി.ഡി. തീ. 4.03.10 | 78,27,000 | 23,69,843 | 18,17,650 | -- | 5,52,193 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 1,110 രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2005-06 | 3-1(ii) | 750 | ശ്രീ.സൈമൺ വർഗീസ്, സെക്രട്ടറി | 11501100559/14.7.15 |
| 2004-05 | 3-3(2) | 360 | ശ്രീമതി രശ്മി മോഹൻ, അക്കൗണ്ടന്റ് | 11501100477/20.6.15 |
| ആകെ | | 1,110 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,66,99,573 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,49,66,181 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 78,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 11,910 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 78,000 | ശ്രീ.ജോസ് മാത്യു, വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 11910 | ഡോ.അനീഷ് കെ.ഭദ്രൻ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോസ് മാത്യു, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>മുത്തോലി ഗ്രാമപഞ്ചായത്ത് | അഞ്ചേരിൽ,<br>കിഴതടിയൂർ പി.ഒ.,<br>പാലാ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95 | എൽ.എഫ്.കെ.പി.2/716/97/7.10.97/6.1.98 | | |
| 1995-96 | എൽ.എഫ്.കെ.പി.2/1118/98/15.1.99 | | |
| 98-99 ചെലവ് | എൽ.എഫ്.കെ.പി.7/570/അദാ/14(1)/26.11.14 | 4 | |
| 98-99 വരവ് | എൽ.എഫ്.കെ.പി-5/553/08/9.11.09 | | |
| 99-00 | എൽ.എഫ്.കെ.പി7/570/അദാ/14 (2)26.11.14 | 4 | |
| 00-01,01-02പ്ലാൻ | എൽ.എഫ്.കെ.പി.7/ 570/അദാ/14(3) 26.11.14 | 2 | |
| 2000-01 | എൽ.എഫ്.കെ.പി. 7/345/04/22.11.04 | 13 | |
| 01-02 | എൽ.എഫ്.കെ.പി.7/ 570/അദാ/14(4) 26.11.14 | 3 | |
| 02-03 | എൽ.എഫ്.കെ.പി.7/470/05/9.9.05 | 17 | |

| | | | |
|---|---|---|---|
| 03-04 | എൽ.എഫ്.കെ.പി.7/938/15/2.5.2016 | 6 | |
| 04-05 | എൽ.എഫ്.കെ.പി.7/938/15/16.4.2016 | 2 | |
| 05-06 | എൽ.എഫ്.കെ.പി.7/938/15/16.4.2016 | 6 | |
| 06-07 | എൽ.എഫ്.കെ.പി.7/804/09/9.10.09 | 8 | |
| 07-08 | എൽ.എഫ്.കെ.പി.7/938/15/16.4.16 | 1 | |
| 08-09 | എൽ.എഫ്.കെ.പി.7/329/11/29.2.2016 | 8 | |
| 09-10 | എൽ.എഫ്.കെ.പി.7/1197/12/4.1.2013 | 4 | |
| 10-11 | എൽ.എഫ്.കെ.പി.7/ 19/14/20.3.14 | 7 | |
| 11-12 | എൽ.എഫ്.കെ.പി.7/1512/13/3.11.13 | 6 | |
| 12-13 | എൽ.എഫ്.കെ.പി.7/ 270/15/18.4.15 | 3 | |
| 13-14 | എൽ.എഫ്.കെ.പി.7/618/15/14.3.16/7.10.16 | 7 | |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി7/1271/16 /6.10.16 | 10 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി7/1789/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 03.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുത്തോലി ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം